# പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 4165** **25.06.2018 ലെ മറുപടി**

**എസ്.എൽ.ആർ. ജീവനക്കാരുടെ ആനുകൂല്യങ്ങൾ**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.രാജു എബ്രഹാം :** | | **മാത്യു ടി. തോമസ്<br>(ജലവിഭവ വകുപ്പുമന്ത്രി)** | |
| (എ) | ഇറിഗേഷൻ വകുപ്പിൽ 16.01.2013-ലെ GO (MS)06/2013/WRD ഉത്തരവ് പ്രകാരം എസ്.എൽ.ആർ.തസ്തികയിൽ എത്ര ജീവനക്കാരെയാണ് നിയമിച്ചത്;നിലവിൽ ഇവർക്ക് നൽകിവരുന്ന ശമ്പളവും ആനുകൂല്യങ്ങളും എന്തൊക്കെയാണ്; കെ.എസ്.ആർ.-ന്റെ പരിധിയിൽ വരുന്ന ജീവനക്കാരുടേതിന് തുല്യമായ സേവന വേതന വ്യവസ്ഥകൾ ഇവർക്ക് നൽകാത്തത് എന്ത് കൊണ്ടെന്ന് വ്യക്തമാക്കുമോ ; | (എ) | 834 പേർ, അൺസ്കിൽഡ് വർക്കർമാർക്ക് 8270-12220/- രൂപ നിരക്കിലും സ്കിൽഡ് വർക്കർമാർക്ക് 8500-13210/- രൂപ നിരക്കിലുമാണ് ശമ്പളം നൽകുന്നത്. സർക്കാർ ജീവനക്കാർക്ക് നൽകിവരുന്ന നിരക്കിൽ ഡി.എ, എസ്.എൽ.ആർ. ജീവനക്കാർക്കും അനുവദിച്ചിട്ടുണ്ട്. എസ്.എൽ.ആർ. ജീവനക്കാർ സ്ഥിരം സർക്കാർ ജീവനക്കാർ അല്ല. ഇവർ കെ.എസ്.ആർ -ന്റെ പരിധിയിൽ വരുന്നില്ല. അതിനാൽ കെ.എസ്.ആർ-ന്റെ പരിധിയിൽ വരുന്ന ജീവനക്കാരുടേതിന് തുല്യമായ സേവന വേതന വ്യവസ്ഥകൾ ഇവർക്ക് അനുവദിച്ച് നൽകുവാൻ കഴിയുന്നില്ല. |
| (ബി) | എസ്.എൽ.ആർ.തസ്തികയിൽ നിയമനം ലഭിച്ചവർക്ക് വർക്കർ ഗ്രേഡ് -II ആയി പ്രൊമോഷൻ നൽകാൻ കഴിയുകയില്ലേ; ഇല്ലെങ്കിൽ എന്തുകൊണ്ട് എന്ന് വിശദമാക്കാമോ; | (ബി) | 09.06.2014-ലെ സർക്കാർ ഉത്തരവ് (എം.എസ്) നം. 45/14/ജവിവ. പ്രകാരമുള്ള താഴെപ്പറയുന്ന മാനദണ്ഡങ്ങൾ പാലിക്കുന്ന എസ്.എൽ.ആർ ജീവനക്കാരെ മാത്രമേ നിലവിൽ വർക്കർ ഗ്രേഡ് II ആയി സ്ഥിരപ്പെടുത്തുവാൻ കഴിയുകയുള്ളൂ.<br>1) 01.01.2011-ന് മുൻപ് 10 വർഷം സർവ്വീസ് പൂർത്തിയാക്കിയിരിക്കണം<br>2) 55 വയസ്സ് പൂർത്തിയാകാത്തവരും അഥവാ പെൻഷൻ തീയതി ഏകീകരണം വഴി 31.03.2011 വരെ റഗുലറൈസ് ചെയ്യുമ്പോൾ സർവ്വീസിൽ തുടരാൻ അർഹതയുള്ളവരായിരിക്കണം |

| | | | |
|---|---|---|---|
| | | | 3) 500 ദിവസം പൂർത്തിയാക്കിയിരിക്കണം.<br>4) 04.07.1983 നോ അതിനു ശേഷമോ സർവ്വീസിൽ ഉള്ളവരായിരിക്കണം |
| (സി) | എസ്.എൽ.ആർ. ജീവനക്കാരുടെ പെൻഷൻ പ്രായം ഇപ്പോൾ എത്രയാണ്; പാർട്ട്ടൈം സ്വീപ്പർ തസ്തികയുടെ പെൻഷൻ പ്രായം ഈ സർക്കാർ ഉയർത്തിയതുപോലെ എസ്.എൽ.ആർ.ജീവനക്കാരുടെ പെൻഷൻ പ്രായവും ഉയർത്താൻ സാധിക്കുകയില്ലേ; ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ; | (സി) | 58 വയസ്സ് ; പെൻഷൻ പ്രായം ഉയർത്തുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. |
| (ഡി) | ജലസേചന വകുപ്പിൽ 30-35 വർഷമെങ്കിലും ,ആദ്യം താൽക്കാലികമായും പിന്നീട് സ്ഥിരമായും ജോലി ചെയ്ത് മറ്റ് സർക്കാർ ജീവനക്കാർക്ക് ലഭിക്കുന്ന യാതൊരു ആനുകൂല്യങ്ങളും ലഭിക്കാതെ സർവ്വീസിൽ നിന്നും പിരിയേണ്ടിവരുന്ന എസ്.എൽ.ആർ. ജീവനക്കാർക്ക് അർഹമായ പരിഗണന നൽകാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് ? | (ഡി) | നിയമപ്രകാരമുള്ള ആനുകൂല്യങ്ങൾ നൽകി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

4/